**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1617** **19-06-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ സ്മാർട്ട് രജിസ്ട്രേഷൻ ഓഫീസുകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ സ്മാർട്ട് ഓഫീസുകളാക്കി മാറ്റുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; | (എ) | ചാത്തന്നൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷൻ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ സംയുക്തമായി സന്ദർശനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യേണ്ട സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് വർക്കുകൾ തീരുമാനിക്കുകയും ആയതിന്റെ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ പൊതുമരാമത്ത് വകുപ്പിനോടാവശ്യപ്പെടുകയും ചെയ്തിരുന്നു. പ്രസ്തുത ജോലികളുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് 13.06.2024 -ന് ലഭിച്ച പ്രാഥമികമായ എസ്റ്റിമേറ്റ്/ റിപ്പോർട്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സബ് രജിസ്ട്രാർ ഓഫീസുകൾ സ്മാർട്ട് ഓഫീസുകളാക്കി മാറ്റുന്നതിന് ഓരോ ഓഫീസുകളിലും ആവശ്യമായിട്ടുള്ള സാങ്കേതികോപകരണങ്ങൾ, മറ്റ് സാങ്കേതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ഭൗതികകാര്യങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ തുടങ്ങിയവ സംബന്ധിച്ച തിട്ടപ്പെടുത്തലുകൾ നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഉണ്ട്. റിപ്പോർട്ട് പ്രകാരമുള്ള അബ്സ്ട്രാക്ട് എസ്റ്റിമേറ്റിൽ സിവിൽ വർക്കുകൾക്ക് ചാത്തന്നൂർ സബ് രജിസ്ട്രാറാഫീസിനായി 5,93,879.43/- രൂപയും പരവൂർ സബ് രജിസ്ട്രാറാഫീസിനായി 1,91,393.78/- രൂപയും പൂയപ്പള്ളി സബ് രജിസ്ട്രാറാഫീസിനായി 2,82,443.26/- രൂപയും ഇലക്ട്രിക്കൽ വർക്കിന് ചാത്തന്നൂർ സബ് രജിസ്ട്രാറാഫീസിനായി 3,00,000/- രൂപയും പരവൂർ സബ് രജിസ്ട്രാറാഫീസിനായി 2,50,000/- രൂപയും പൂയപ്പള്ളി സബ് രജിസ്ട്രാറാഫീസിനായി 4,00,000/- രൂപയും ഇലക്ട്രോണിക് വിഭാഗത്തിൽ നിന്നുള്ള വർക്കുകൾക്ക് ചാത്തന്നൂർ സബ് രജിസ്ട്രാറാഫീസിനായി 4,45,000/- രൂപയും പരവൂർ സബ് രജിസ്ട്രാറാഫീസിനായി 4,60,000/- രൂപയും പൂയപ്പള്ളി സബ് രജിസ്ട്രാറാഫീസിനായി 4,48,000/- രൂപയും അപ്രകാരം മൂന്ന് സബ് രജിസ്ട്രാറാഫീസുകളുടെയും നവീകരണപ്രവർത്തനങ്ങൾക്ക് ആകെ 33,70,716.47/- രൂപയുമാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കമ്പ്യൂട്ടർ ₹44,000/-, യുപിഎസ് ₹1,50,000/-, സ്കാനർ ₹55,000/- എന്ന നിരക്കിൽ ഓരോ ഓഫീസുകൾക്കും ആവശ്യമായ ഉപകരണങ്ങൾ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് വാങ്ങി നൽകുന്നത് പരിഗണിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ